**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 01/2024 05 April 2024

# മതാധ്യാപകദിനം

ഈശോമിശിഹായിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരെ,

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയിലും വിശ്വാസ പരിശീലന മേഖലയിൽ ശക്തമായ ചുവടുറപ്പിക്കുവാനും കൃത്യമായ ദിശാബോധം നൽകുവാനും നമ്മുടെ രൂപതയുടെ മതബോധന കമ്മീഷനോട് ചേർന്ന് എല്ലാവരും ഉത്സാഹിക്കുന്നു എന്നതിൽ നമുക്ക് ഈശോയ്ക്ക് നന്ദി പറയാം. നമുക്കിപ്പോൾ 89 ഇടവക/മിഷൻ / പ്രപ്പോസ്ഡ് മിഷനുകളിലായി ചെറുതും വലുതുമായി 135 മതബോധന കേന്ദ്രങ്ങളും 13583 വിദ്യാർത്ഥികളും അധ്യാപകസഹായികളുൾപ്പെടെ 2297 വിശ്വാസപരിശീലകരുമുണ്ട്. രൂപതയ്ക്ക് പൊതുവായി ഒരു ഓൺലൈൻ കാറ്റക്കിസം സ്കൂളും പ്രവർത്തിക്കുന്നു.

ഈശോമിശിഹാ തിരുസഭയെ ഏൽപ്പിച്ച ഏറ്റവും വലിയ ദൗത്യം പഠിപ്പിക്കുക എന്നതാണ്. സ്വർഗ്ഗാരോഹണവേളയിൽ ഈശോ ശിഷ്യന്മാരെ ഒന്നിച്ചു കൂട്ടിയിട്ട് അവരെ ഭരമേൽപ്പിച്ചത് താൻ പഠിപ്പിച്ചവ ലോകമെങ്ങും പോയി പഠിപ്പിക്കുവാനുള്ള ചുമതലയാണ്. ഈ പഠിപ്പിക്കൽ പ്രക്രിയയുടെ ഭാഗമായിട്ടാണ് ആരാധനക്രമങ്ങളും പുതിയ നിയമ ഗ്രന്ഥങ്ങളും വിവിധ ശുശ്രൂഷാ സംവിധാനങ്ങളും തിരുസഭയ്ക്ക് കരഗതമായത്. രൂപതയുടെ പ്രഥമ മതബോധകൻ രൂപതാ മെത്രാൻ ആണ്. ഈ ദൗത്യ നിർവഹണം ഫലപ്രദമായി നിർവഹിക്കുന്നതിനു വേണ്ടിയാണ് രൂപതാ മെത്രാനാനാൽ ഓരോ ഇടവകയിലും വൈദികർ നിയമിക്കപ്പെടുന്നത്. പഠിപ്പിക്കുക,നയിക്കുക, വിശുദ്ധികരിക്കുക എന്നീ ത്രിവിധ ദൗത്യങ്ങൾ ഇതിൽ ഉൾചേർന്നിരിക്കുന്നു. ഇവയിൽ പഠിപ്പിക്കൽ എന്ന ദൗത്യ നിർവഹണത്തിൽ ഇടവക വികാരിയുടെ ഏറ്റവും അടുത്ത സഹകാരികളാണ് വിശ്വാസ പരിശീലകർ. നമ്മുടെ ഓരോ കേന്ദ്രത്തിലും നടക്കുന്ന വിശ്വാസ പരിശീലന സംവിധാനങ്ങളുടെ ഏകോപനത്തിന്റെ ചുമതല കുറ്റമറ്റ രീതിയിൽ നമ്മുടെ മതബോധന കമ്മീഷൻ നിർവഹിക്കുന്നു എന്നു പറയുന്നതിൽ എനിക്ക് അഭിമാനവും സന്തോഷവുമുണ്ട്. കമ്മീഷൻ ചെയർമാനും കമ്മീഷൻ സെക്രട്ടറിയും ടെക്നിക്കൽ കോഡിനേറ്ററും 12 റീജനുകളിലെ മതബോധന സെക്രട്ടറിമാരും ചേരുന്ന നമ്മുടെ രൂപതാ മതബോധന കമ്മീഷൻ ഏറെ അധ്വാനം ആവശ്യമായ ഈ ശുശ്രൂഷയിൽ എപ്പോഴും കർമ്മനിരതരായി ഒന്നുചേർന്നു

നിൽക്കുന്നു. വിശ്വാസ കൈമാറ്റം തെറ്റ് കൂടാതെയും കുറവുകൂടാതെയും നിർവഹിക്കുക എന്നത് അതീവ ജാഗ്രത ആവശ്യമുള്ള കാര്യവുമാണ്. ഇതിന് നേതൃത്വപരമായ ശുശ്രൂഷ നിർവഹിക്കുന്ന മതബോധന കമ്മീഷന്റെ പ്രവർത്തനങ്ങളെ രൂപത ആദരിക്കുകയും ശ്ലാഘിക്കുകയും ചെയ്യുന്നു.

കഴിഞ്ഞവർഷം മുതൽ മെയ്യിനത്തോടനുബന്ധിച്ച ബാങ്ക് ഹോളിഡേ വിശ്വാസ പരിശീലകരുടെ ഒത്തുചേരൽ ദിനമായി ആചരിക്കുവാൻ ആരംഭിച്ചിരുന്നു. ഈ വർഷം മെയ് 6 തിങ്കളാഴ്ച നാം മതാധ്യാപക ദിനമായി ആചരിക്കുകയാണ്. അന്നേദിവസം കവന്റ്റി യിൽ (**Mercia Venue, 123 Lockhurst Ln, Coventry, CV6 5PD**) രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെ നടക്കുന്ന സമ്മേളനത്തിലേക്ക് എല്ലാ വിശ്വാസ പരിശീലകരെയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട വൈദികരും തങ്ങളുടെ വിശ്വാസ പരിശീലന കേന്ദ്രത്തിലെ അധ്യാപകരെ ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ! അവർക്കുള്ള യാത്രാസൗകര്യങ്ങൾ അതാതു മിഷനുകളിൽ നിന്നും ക്രമീകരിക്കേണ്ടതാണ്. കഴിഞ്ഞവർഷം ഈ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ അധ്യാപകരും 5 പൗണ്ട് വീതം രജിസ്ട്രേഷൻ ഫീസ് ആയി നൽകിയിരുന്നല്ലോ. അതിനു പകരം ഈ വർഷം ഓരോ മതബോധന കേന്ദ്രത്തിലെയും മുഴുവൻ അധ്യാപകരുടെയും എണ്ണമനുസരിച്ച് ഒരാൾക്ക് £5 വീതം എല്ലാ ഇടവക / മിഷൻ / പ്രപ്പോസ്സ് മിഷനുകളിൽ നിന്നും മതബോധന കമ്മീഷൻ അക്കൗണ്ടിലേക്ക് നൽകണമെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. അധ്യാപക പരിശീലനങ്ങൾക്കും മറ്റുമായി ഏറെ സാമ്പത്തിക ബാധ്യത നേരിടുന്ന മതബോധന കമ്മീഷനെ സഹായിക്കുന്നതിന് വേണ്ടിയാണിത്.

നമ്മുടെ കർത്താവിശോ മിശിഹാ നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



ബിഷപ്പ് ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2024 **ഏപ്രിൽ** 14 ന് വായിക്കേണ്ടതാണ്. (അന്ന് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച്ച വായിക്കേണ്ടതാണ്).